നടപ്പാക്കുന്നതാണ്. സമർത്ഥരായ ഉദ്യോഗസ്ഥൻമാർക്ക് പ്രോൽസാഹനം നൽകുന്നതും അതേ സമയം കാര്യക്ഷമതയില്ലാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ നടപടികളും എടുക്കുന്നതുമാണ്.

ഇനി അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ക്ഷേമ പ്രവർത്തനങ്ങൾക്കും മറ്റു ചില പ്രധാന പരിപാടികൾക്കും നീക്കിവച്ച തുകകളെപ്പറ്റി ചെറിയൊരു വിവരണം നൽകാം.

പെൻഷൻകാർക്ക് ആനുകൂല്യം

ശമ്പളക്കമ്മീഷൻ പെൻഷൻകാർക്ക് നൽകേണ്ട ചില ആനുകൂല്യങ്ങളെപ്പറ്റി ഗവൺമെൻറിനു ശുപാർശകൾ സമർപ്പിച്ചിരുന്നു. 1.7.1973-നു മുമ്പ് റിട്ടയർ ചെയ്തവരുടെ കാര്യത്തിൽ പ്രത്യേക ആനുകൂല്യം നൽകേണ്ട ആവശ്യകതയും കമ്മീഷൻ എടുത്തു പറഞ്ഞിരുന്നു. ആ ശുപാർശകൾ കണക്കിലെടുത്തുകൊണ്ട് പെൻഷൻകാർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്:—

1. പെൻഷൻകാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അഡ്ഹോക്ക്/താൽക്കാലിക വർദ്ധനവ് പെൻഷൻതുകയിൽ ലയിപ്പിക്കുന്നതും അപ്രകാരമുള്ള പെൻഷൻ തുകയിൽ താഴെ പറയും പ്രകാരം വർദ്ധനവ് അനുവദിക്കുന്നതുമാണ്.

(i) 14.11.1966-നു മുമ്പ് സർവ്വീസിൽനിന്നും വിരമിച്ച വർക്ക് അവരുടെ പെൻഷൻ, അഡ്ഹോക്ക്/തൽക്കാലിക വർദ്ധനവ് എന്നിവ അടക്കം കിട്ടുന്ന മൊത്തം തുകയുടെ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് അനുവദിക്കും. ഇത് ഏറ്റവും കൂടിയത് 50 രൂപയായിരിക്കും.

(ii) 14.11.1966-നും 31.3.1969-നും ഇടയ്ക്ക് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് മേൽപ്രകാരമുള്ള വർദ്ധനവ് ഇരുപതു ശതമാനമായിരിക്കും. ഇത് ഏറ്റവും കൂടിയത് 40 രൂപയായിരിക്കും.

(iii) 1.4.1969-നും 30.6.1973-നും ഇടയ്ക്ക് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് ഈ വർദ്ധനവ് പത്തു ശതമാനമായിരിക്കും. ഏറ്റവും കൂടിയത് 25 രൂപയായിരിക്കും.

(iv) 1.7.1973-നും 30.6.1978-നും ഇടയ്ക്ക് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് ഈ വർദ്ധനവ് അഞ്ചു ശതമാനമായിരിക്കും. ഇത് ഏറ്റവും കൂടിയത് 15 രൂപയായിരിക്കും.

2. ഏറ്റവും കുറഞ്ഞ പെൻഷൻ 70 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തുന്നതാണ്.

3. ഇപ്പോൾ പരമാവധി പ്രതിമാസപെൻഷൻ 600 രൂപയും ഗ്രാറ്റുവിറ്റി 22,500 രൂപയുമാണ്. ഇത് 900 രൂപയായും, 28,000 രൂപയായും വർദ്ധിപ്പിക്കുന്നതാണ്.

4. പെൻഷനു കണക്കാക്കുന്ന പരമാവധി സർവ്വീസ് 30 കൊല്ലത്തിൽനിന്ന് 33 കൊല്ലമായി ഉയർത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. പെൻഷനു് കണക്കാക്കുന്നതിനു് അവസാനത്തെ 12 മാസത്തെ ശരാശരി ശമ്പളം എന്നുള്ളതു് പത്തു മാസത്തെ ശരാശരി ശമ്പളം എന്നാക്കി ചുരുക്കുന്നതാണു്.

6. ഫാമിലി പെൻഷൻതുകയിലും വർദ്ധനവു് അനുവദിക്കുന്നതാണു്.

സംസ്ഥാനത്തെ എല്ലാ പെൻഷൻകാർക്കും, പെൻഷൻ തുകയുടെ 12 ശതമാനം ക്ഷാമബത്ത അനുവദിക്കുന്നതാണു്. ഏറ്റവും ചുരുങ്ങിയതു് 15 രൂപയും ഏറ്റവും കൂടിയതു് 75 രൂപയുമായിരിക്കും.

ഈ ആനുകൂല്യങ്ങളെല്ലാം 1.7.1978 മുതൽ അനുവദിക്കുന്നതാണു്. ഇതുമൂലം ഒരു വർഷത്തിൽ ഉദ്ദേശം നാലുകോടി രൂപയുടെ അധികച്ചെലവുണ്ടായിരിക്കും.

പാർട്ടു് ടൈം കണ്ടിൻജൻസി ജീവനക്കാർക്കു് ഗ്രാറ്റുവിറ്റി

പാർട്ടുടൈം കണ്ടിൻജൻസി ജീവനക്കാർ പിരിഞ്ഞു പോകുമ്പോഴും ഇന്നു് അവർക്കു് യാതൊരുവിധ ആനുകൂല്യങ്ങളും കിട്ടുന്നില്ല. അവർക്കു് ഇപ്പോഴും സർവ്വീസിൽനിന്നും പിരിഞ്ഞു പോകുന്നതിനു് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. അപ്രകാരം ഒരു പരിധി നിശ്ചയിച്ചു് പിരിഞ്ഞു പോകുമ്പോഴും ഗ്രാറ്റുവിറ്റി നല്കുന്ന കാര്യം പരിഗണിക്കുന്നതാണു്.

അഗതികൾക്കുള്ള പെൻഷനിൽ വർദ്ധനവു്

അഗതികൾക്കു കൊടുത്തു കൊണ്ടിരിക്കുന്ന പെൻഷൻ 45 രൂപയായി ഉയർത്തുന്നതാണു്. ഇതുമൂലം 50 ലക്ഷം രൂപയുടെ അധികച്ചെലവുണ്ടാകുന്നതാണു്.

അച്ഛനമ്മമാരില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിലേക്കു് ആയിരം രൂപ സഹായധനം ഇപ്പോൾ നല്കിവരുന്നുണ്ടല്ലോ. ഈ സഹായധനം അച്ഛനമ്മമാർ ഇല്ലാത്ത നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനും ലഭ്യമാക്കും.

സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള പെൻഷനിൽ വർദ്ധന

കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾക്കു് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്ന പെൻഷൻ 50 രൂപയിൽനിന്നു് 75 രൂപയായി വർദ്ധിപ്പിക്കും. ഇതുമൂലമുണ്ടാകുന്ന അധികച്ചെലവു് ഒരു വർഷത്തിൽ 30 ലക്ഷം രൂപയാണു്.

LIBRARY ARCHIVES Kerala Legislative Assembly